സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 270 2026 ഫെബ്രുവരി 07 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കാർഷിക–ക്ഷീര മേഖലകളിൽ വിട്ടുവീഴ്ചയില്ല

ന്യൂഡൽഹി: അമേരിക്കയുമായുള്ള പുതിയ ഇടക്കാല വ്യാപാര കരാറിൽ കാർഷിക, ക്ഷീര ഉൽപ്പന്നങ്ങളെ നികുതിയിളവുകളിൽ നിന്ന് ഒഴിവാക്കിയതായി കേന്ദ്രസർക്കാർ. ഇന്ന് പുറത്തുവിട്ട കരാർ രൂപരേഖ പ്രകാരം ചോളം, ഗോതമ്പ്, അരി, സോയ, കോഴിയിറച്ചി, പാൽ, ചീസ്, എഥനോൾ, പുകയില, ഇറച്ചി, പച്ചക്കറികൾ തുടങ്ങിയവയ്ക്ക് അമേരിക്കയ്ക്ക് ഇറക്കുമതി തീരുവയിൽ ഇളവ് നൽകില്ലെന്ന് കേന്ദ്രം വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

രാജ്യത്തെ 70 കോടിയോളം വരുന്ന ഗ്രാമീണ ജനതയുടെ ഉപജീവനമാർഗ്ഗം പരിഗണിച്ചാണ് ഈ മേഖലകളെ ഇളവുകളിൽ നിന്ന് മാറ്റിനിർത്തിയത്. അതേസമയം, ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി തീരുവ 50 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറയ്ക്കാൻ അമേരിക്ക സമ്മതിച്ചിട്ടുണ്ട്.

സ്വർണക്കൊള്ളക്കേസിൽ അടൂർ പ്രകാശിനെ എസ് ഐ ടി ചോദ്യം ചെയ്യുന്നു

പോറ്റിയുമായി എന്തുബന്ധം?

തിരു : ശബരിമല സ്വർണക്കൊള്ളക്കേസിൽ യുഡിഎഫ് കൺവീനറും ആറ്റിങ്ങൽ എംപിയുമായ അടൂർ പ്രകാശിനെ പ്രത്യേക അന്വേഷണസംഘം ചോദ്യംചെയ്യുന്നു. തിരുവനന്തപുരത്തെ ക്രൈംബ്രാഞ്ച് ഓഫീസിലാണ് ചോദ്യം ചെയ്യുന്നത്.കേസിലെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയോടൊപ്പമുള്ള അടൂർ പ്രകാശിന്റെ ചിത്രങ്ങൾ നേരത്തേ പുറത്തുവന്നിരുന്നു. ഉണ്ണികൃഷ്ണൻ പോറ്റിയുമായുള്ള ബന്ധത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനാണ് ചോദ്യംചെയ്യുന്നത്. നോട്ടീസ് നൽകി വിളിച്ചുവരുത്തിയാണ് ചോദ്യംചെയ്യുന്നത്.

ചിത്രങ്ങൾക്കൊപ്പം പോറ്റിയിൽനിന്ന് പാരിതോഷികങ്ങൾ വാങ്ങിയോ എന്ന കാര്യത്തിലും അന്വേഷണസംഘം വ്യക്തതവരുത്തും. സോണിയാ ഗാന്ധിയുമായുള്ള കൂടിക്കാഴ്ചയിലും പോറ്റിക്കൊപ്പം അടൂർ പ്രകാശ് ഉണ്ടായിരുന്നു. മണ്ഡലത്തിലെ ഒരു വോട്ടർ എന്നനിലയിലല്ലാതെ പോറ്റിയുമായി മറ്റൊരു ബന്ധവുമില്ലെന്നാണ് അടൂർപ്രകാശ് മാദ്ധ്യമങ്ങളോട് ആവർത്തിച്ചുപറഞ്ഞിരുന്നത്.

സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രനെ എസ്ഐടി വീണ്ടും ചോദ്യം ചെയ്തേക്കുമെന്നും റിപ്പോർട്ടുണ്ട്. നേരത്തേയുള്ള ചോദ്യംചെയ്യലിൽ കടകംപള്ളി നൽകിയ ചില മൊഴികളിൽ വ്യക്തത വരുത്തുന്നതിനുവേണ്ടിയാണ് ചോദ്യംചെയ്യുന്നത്.

കേസിൽ കോൺഗ്രസ് എംപിയായ ആന്റോ ആന്റണിയെയും അധികം വൈകാതെതന്നെ ചോദ്യംചെയ്തേക്കും. തന്ത്രി രണ്ടരക്കോടി നിക്ഷേപിച്ച തിരുവല്ലയിലെ സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ നിന്ന് ആന്റോ ആന്റണി പണം കൈപ്പറ്റിയെന്നും എംപിയുടെ ദൂരൂഹ പണമിടപാടുകൾ അന്വേഷിക്കണമെന്നും നേരത്തേ ആവശ്യമുയർന്നിരുന്നു. കഴിഞ്ഞദിവസം ഈ സ്ഥാപനത്തിലും ഉടമയുടെ വീട്ടിലും ഇഡി പരിശോധന നടത്തിയിരുന്നു.

കേസന്വേഷണം അവസാനഘട്ടത്തിലേക്ക് അടുത്തിരിക്കുന്ന വേളയിൽ നടക്കുന്ന ചോദ്യംചെയ്യലുകൾ നിർണായകമെന്നാണ് കരുതുന്നത്. അന്വേഷണം ശരിയായ ദിശയിലാണെന്നും സ്വർണം കട്ടവർ ആരും രക്ഷപ്പെടില്ലെന്നും ഹൈക്കോടതി കഴിഞ്ഞദിവസം വ്യക്തമാക്കിയിരുന്നു.

അടൂർ പ്രകാശിന് പിന്നാലെ ഉണ്ണിക്കൃഷ്ണൻ പോറ്റിയെയും ക്രൈം ബ്രാഞ്ച് ആസ്ഥാനത്ത് എത്തിച്ചു. പോറ്റിയെയും ചോദ്യം ചെയ്യുകയാണ്. സമാനചോദ്യങ്ങളിൽ ഇരുവരോടും ഉത്തരം ആരായുന്നുവെന്നും റിപ്പോർട്ട്. പോറ്റിയുടെ വീട്ടിൽ വച്ച് കൈമാറിയ സമ്മാനങ്ങളിൽ വ്യക്തത തേടുകയാണ് ലക്ഷ്യം. മൊഴികൾ താരതമ്യം ചെയ്ത് നിഗമനത്തിലെത്തിയേക്കുമെന്നും റിപ്പോർട്ടുണ്ട്.

അതേസമയം, അടൂർ പ്രകാശിനെ ചോദ്യം ചെയ്യാൻ വിളിപ്പിച്ചത് രാഷ്ട്രീയ നീക്കമാണെന്ന് കെ.സി.വേണുഗോപാൽ പ്രതികരിച്ചു. കേരള പൊലീസ് അല്ലേ? സ്വന്തം തടി കേടായപ്പോഴത്തെ വിഫല ശ്രമമാണിതെന്നും കെസി പറഞ്ഞു.

ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ രാഷ്ട്രീയ ബന്ധങ്ങളെ കുറിച്ച് വിശദമായി അന്വേഷിക്കുന്നതിന്റെ ഭാഗമായി ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ അയൽവാസിയുടെ മൊഴി പ്രത്യേക അന്വേഷണ സംഘം കഴിഞ്ഞ ദിവസം രേഖപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് അടൂർപ്രകാശിനെയും കടകംപള്ളി സുരേന്ദ്രനെയും ചോദ്യം ചെയ്തേക്കുമെന്ന വാർത്തകളും നേരത്തെ പുറത്തുവന്നിരുന്നു.

23 കോടിയുടെ കഞ്ചാവ് കടത്തിയ 6 മലയാളി ടെക്കികൾ പിടിയിൽ; എത്തിയത് തായ്‌ലൻഡിൽ നിന്ന്

ചെന്നൈ: തായ്‌ലൻഡിൽ നിന്ന് കടത്തിയ 23 കോടി രൂപ വിലവരുന്ന ഹൈഡ്രോപോണിക് കഞ്ചാവുമായി ആറ് മലയാളികൾ ചെന്നൈ വിമാനത്താവളത്തിൽ പിടിയിൽ. ഭക്ഷണപാക്കറ്റുകളിലും ചോക്ലേറ്റ് പാക്കറ്റുകളിലും ഒളിപ്പിച്ചു കടത്തുകയായിരുന്ന കഞ്ചാവ് ചെന്നൈ കസ്റ്റംസ് ആണ് പിടികൂടിയത്. പിടിയിലായവർ ഐടി ജീവനക്കാരാണെന്നാണ് വിവരം. കാസർകോട്-കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവരാണ് പിടിയിലായത്.

രണ്ടുവിമാനങ്ങളിലായാണ് ഇവർ എത്തിയത്. ബാങ്കോക്കിൽ നിന്നാണ് നാലുപേരടങ്ങുന്ന ഒരുസംഘം എത്തിയത്. വിനോദ സഞ്ചാരത്തിനായി തായ്‌ലൻഡിൽ പോയി മടങ്ങിവരുകയാണെന്നാണ് ഇവർ ഉദ്യോഗസ്ഥരോട് പറഞ്ഞത്. എന്നാൽ തായ്‌ലൻഡിൽ എത്തിയതിന്റെ പിറ്റേദിവസം തന്നെ തിരികെ നാട്ടിലേക്ക് വിമനം കയറിയതിൽ സംശയം തോന്നിയ ഉദ്യോഗസ്ഥർ കസ്റ്റംസ് ഓഫീസിലെത്തിച്ച് വിശദമായി പരിശോധിക്കുകയായിരുന്നു. 15 കിലോ ഉയർന്ന ഗ്രേഡ് ഹൈഡ്രോപോണിക് കഞ്ചാവാണ് ഈ സംഘത്തിന്റെ പക്കൽ നിന്ന് കണ്ടെത്തിയത്. അന്താരാഷ്ട്ര വിപണിയിൽ 15 കോടിയോളം രൂപ വിലവരുമിതിന്.

വെള്ളിയാഴ്ചയായിരുന്നു മറ്റൊരു സംഭവം. ബാങ്കോക്കിൽ നിന്ന് പുലർച്ചെയോടെ എത്തിയ വിമാനത്തിലായിരുന്നു രണ്ടാമത്തെ സംഘം ഉണ്ടായിരുന്നത്. രണ്ടുപേരായിരുന്നു ബാങ്കോക്കിൽ നിന്ന് എത്തിയത്. ആദ്യത്തേതിന് സമാനമായിരുന്നു രണ്ടാമത്തേതും. തായ്‌ലൻഡിൽ എത്തിയതിന് പിറ്റേദിവസം തന്നെ ഇവർ നാട്ടിലേക്ക് തിരിക്കുകയായിരുന്നു. ഇവരിൽ നിന്ന് 8 കിലോ ഹൈഡ്രോപോണിക് കഞ്ചാവ് ആണ് പിടികൂടിയത്. 8 കോടിയോളം രൂപ അന്താരാഷ്ട്ര വിപണിയിൽ വിലവരുമിതിന്.

ആറുപേരും കേരളത്തിൽ നിന്നുള്ള ബിരുദധാരികളാണ്. വിദഗ്ധ സോഫ്റ്റ് വെയർ എഞ്ചിനിയർമാരും ഇവരിൽ ഉണ്ടെന്ന് കസ്റ്റംസ് പറയുന്നു. തങ്ങളുടെ വിദ്യാഭ്യാസത്തിനനുസരിച്ച് അനുയോജ്യമായ ജോലി ലഭിക്കാത്തതിനെത്തുടർന്നാണ് തങ്ങൾ ഇതിന് മുന്നിട്ടിറങ്ങിയതെന്നാണ് ചോദ്യം ചെയ്യലിൽ പ്രതികൾ ഉദ്യോഗസ്ഥരോട് പറഞ്ഞത്. നിലവിലെ ജോലിക്ക് തുച്ഛം വരുമാനമേയുള്ളൂ. ആഢംബര ജീവിതത്തിന് ഇത് തികയില്ല. പെട്ടെന്ന് പണം കണ്ടെത്താനുള്ള വഴിയായി ഇത് തിരഞ്ഞെടുക്കുകയായിരുന്നുവെന്നും പ്രതികൾ പറയുന്നു.

കോടതി പരസ്യം

ബഹു. തൃശ്ശൂർ 3–ാം അഡീഷണൽ ജില്ലാ കോടതി മുമ്പാകെ

GOP: 5/2026

1 എൽസി ടി.എ, 56 വയസ്സ്, W/o Late ജോസഫ്, അറങ്ങാശ്ശേരി ഹൗസ്, മുണ്ടത്തിക്കോട്, വെസ്റ്റ് പി.ഒ, തൃശൂർ– 680623
2. സിജോ.എ.ജെ, 23 വയസ്സ്, S/o Late ജോസഫ്, അറങ്ങാശ്ശേരി ഹൗസ്, മുണ്ടത്തിക്കോട്, വെസ്റ്റ് പി.ഒ, തൃശൂർ – 680623

–ഹർജിക്കാർ

ലിജോ എ.ജെ, 14 വയസ്സ്, DOB 26/06/2011, S/o Late ജോസഫ് അറങ്ങാശ്ശേരി ഹൗസ്, മുണ്ടത്തിക്കോട്, വെസ്റ്റ് പി.ഒ, തൃശ്ശൂർ–680623

–മൈനർ കുട്ടി

മേൽ നമ്പ്രിൽ ഹർജി മാർജിനിൽ കാണിച്ചിരിക്കുന്ന മൈനർ കുട്ടിയുടെ ജീവന്റേയും സ്വത്തിന്റെയും നിയമപരമായ ഗാർഡിയനായും മൈനർകുട്ടിക്ക് മുണ്ടത്തിക്കോട് വില്ലേജ് സർവ്വെ 166/2 ൽ പെട്ടതും വടക്കാഞ്ചേരി സബ്ബ് ഡിസ്ട്രിക്ട് 4222/2006 നമ്പർ തീറാധാരപ്രകാരമുള്ള 69.200 സെന്റ് വിസ്തീർണ്ണം വരുന്ന വഹകളിൽ 15 സെന്റ് വഹകളിലുള്ള അവകാശം വിൽക്കുവാനും ആയതിന് വേണ്ടതായ രേഖകളിൽ ഒപ്പിടുവാനും ഹർജി പട്ടിക വഹകൾ വിൽക്കുന്ന പക്ഷം മൈനർകുട്ടിക്ക് ഹർജി പട്ടിക വഹകളിലുള്ള ഓഹരി അവകാശത്തിന് ലഭിക്കുന്ന സംഖ്യ 4,05,000/ രൂപ നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിക്കുവാനും ആയതിൽ നിന്ന് ലഭിക്കുന്ന പലിശ മൈനർ കുട്ടിയുടെ ക്ഷേമത്തിന് ഉപയോഗിക്കുന്നതിന് ഹർജിക്കാരിയെ അനുവദിച്ചും മറ്റും ഉത്തരവുണ്ടാകുന്നതിന് വേണ്ടി ബോധിപ്പിച്ച മേൽ നമ്പർ ഹർജി **17–2–2026** തീയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ആക്ഷേപം ഉള്ളവർ അന്ന് കാലത്ത് 11 മണിക്ക് നേരിട്ടോ അഭിഭാഷകൻ മുഖേനയോ ബഹു.കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കൽപ്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

എന്ന് 02–02–2026

ഹരജിഭാഗം അഡ്വക്കേറ്റ്

കെ അരുൺകുമാർ കൈമൾ (ഒപ്പ്)

സ്പായിലെ ബലാത്സംഗം; കത്തി കഴുത്തിൽവെച്ച് നഗ്നയാക്കി, ദൃശ്യങ്ങൾ ഫോണിൽ പകർത്തിയെന്ന് അതിജീവിത

തിരുവല്ല: തിരുവല്ല നഗരത്തിൽ പ്രവർത്തിക്കുന്ന സ്പായിൽ ഗുണ്ടാപ്പിരിവ് നൽകാത്തതിന് ജീവനക്കാരിയെ കാപ്പാകേസ് പ്രതി ബലാത്സംഗം ചെയ്ത സംഭവത്തിൽ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ. ക്രൂരമായി പീഡിപ്പിക്കപ്പെട്ടെന്ന് അതിജീവിത പറഞ്ഞു. തന്നെയും സ്പായിലെത്തിയ കസ്റ്റമറേയും നഗ്നമായി കിടത്തി വീഡിയോ എടുത്തു. കത്തി കഴുത്തിൽവെച്ചാണ് വസ്ത്രം അഴിപ്പിച്ചതെന്നും അതിജീവിത വെളിപ്പെടുത്തി. സ്പായിലെ മറ്റു ജീവനക്കാർ ബലാത്സംഗത്തിന് ഒത്താശ ചെയ്തുവെന്നും യുവതി പറഞ്ഞു.

'രാഹുൽ എന്നയാൾ സ്ഥിരമായി ഗുണ്ടാപ്പിരിവിന് വരാറുണ്ട്. സുബിൻ ആദ്യമായിട്ടാണ് വരുന്നത്. ജീവനക്കാരോട് 50000 രൂപ ആവശ്യപ്പെട്ടു. മൂതലാളിയോട് മൂന്ന് ലക്ഷം രൂപ ഇട്ട് തരാൻ പറയണം ഇല്ലെങ്കിൽ എടുത്ത് വെച്ച വീഡിയോ ലൈവായി പുറത്ത് വിടുമെന്നും ഭീഷണിപ്പെടുത്തി. കട്ടേഷൻ കിട്ടിയിട്ട് വന്നതാണെന്ന് പറഞ്ഞു' അതിജീവിത പറഞ്ഞു.

സംഭവത്തിൽ കുറ്റപ്പുഴ പാപ്പനവേലിൽ സുബിൻ അലക്സാണ്ടർ ചാക്കോ (മരണം സുബിൻ–29), കുളക്കാട് മുപ്പിരിയിൽ ബെർലിൻ ദാസ് (38) എന്നിവരെ പോലീസ് കഴിഞ്ഞ ദിവസം അറസ്റ്റുചെയ്തിരുന്നു. നാലുപേർ ഒളിവിലാണ്.

11 കേസുകളിൽ പ്രതിയായ സുബിൻ, കാപ്പാ നിയമപ്രകാരം കരുതൽതടങ്കലിലായിരുന്നു. ഏതാനും മാസം മുൻപാണ് ജാമ്യത്തിലിറങ്ങിയത്.

ഫെബ്രുവരി ഒന്നിന് പകൽ മൂന്നരയോടെയാണ് ഗുണ്ടാസംഘം സ്ഥാപനത്തിലെത്തിയത്. പണം ഇല്ലെന്ന് പറഞ്ഞതോടെ വനിതാജീവനക്കാരിലൊരാളെ തടഞ്ഞുനിർത്തുകയും അടുത്ത മുറിയിലേക്ക് കൊണ്ടുപോയി പീഡിപ്പിക്കുകയും ചെയ്തെന്നാണ് പരാതി. ജീവനക്കാരിയെ സുബിൻ ഭിത്തിയോട് ചേർത്തുനിർത്തി അപമര്യാദയായി പെരുമാറുന്നത് പുറത്ത് വന്ന സി.സി.ടി.വി. ദൃശ്യങ്ങളിൽ കാണാം.

സുബിനെ അറസ്റ്റുചെയ്യാനായി പോലീസ് സംഘം വീട്ടിലെത്തിയപ്പോൾ ഇയാളുടെ വളർത്തുനായ്ക്കൾ പോലീസിനുനേരേ പാഞ്ഞടുത്തു. എസ്.ഐ. ഉണ്ണികൃഷ്ണൻ, സി.പി.ഒ. അഭിലാഷ് എന്നിവർക്ക് നായയുടെ ആക്രമണത്തിൽ പരിക്കേറ്റു.

റീൽസ് ചിത്രീകരിക്കാൻ അതിസാഹസം; യുവതിക്ക് ദാരുണമരണം

ലക്നൗ: റീൽസ് ചിത്രീകരിക്കുന്നതിനിടെ 27കാരിക്ക് ദാരുണമരണം. ഉത്തർപ്രദേശിലെ ബാന്ധ ജില്ലയിലാണ് സംഭവം. മോഹിനിയെന്ന യുവതിയാണ് മരിച്ചത്.

തൂങ്ങിമരണത്തിന്റെ റീൽസ് ചിത്രീകരിക്കുകയായിരുന്നു മോഹിനി. കഴുത്തിൽ കയറിട്ട് സ്റ്റൂളിന് മുകളിൽ കയറിനിന്ന് വീഡിയോ ചിത്രീകരിക്കുന്നതിനിടെ അബദ്ധത്തിൽ കാൽ വഴുതുകയും യുവതി നിമിഷങ്ങൾക്കുള്ളിൽ മരണപ്പെടുകയുമായിരുന്നു.

ഇതിനിടെ മുറിക്കകത്തേയ്ക്ക് വന്ന മോഹിനിയുടെ നാലുവയസുകാരിയായ മകളുടെ കരച്ചിൽ കേട്ടാണ് വിവരം പുറത്തറിഞ്ഞത്. ബഹളം കേട്ട് അയൽക്കാർ ഓടിയെത്തിയെങ്കിലും മരണം സംഭവിച്ചിരുന്നു.

തുടർന്ന് അയൽക്കാർ പൊലീസിൽ വിവരമറിയിക്കുകയും പൊലീസെത്തി മൃതദേഹം പോസ്റ്റുമോർട്ടത്തിനായി അയയ്ക്കുകയും ചെയ്തു. റീൽസ് ചിത്രീകരിക്കുന്നതിനിടെ അബദ്ധത്തിൽ മരണം സംഭവിച്ചെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് പൊലീസ് അറിയിച്ചു.

റഷ്യൻ എണ്ണ ഇറക്കുമതി: യു.എസ് നിരീക്ഷണത്തിന് ഇന്ത്യയുടെ പച്ചക്കൊടി; ട്രംപിന്റെ താക്കീതിൽ ആശങ്ക

ന്യൂഡൽഹി: റഷ്യൻ എണ്ണ ഇറക്കുമതി നിരീക്ഷിക്കാനുള്ള അമേരിക്കയുടെ പ്രത്യേക സമിതിക്ക് ഇന്ത്യ വഴങ്ങിയതായി റിപ്പോർട്ടുകൾ. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഇന്ന് പുറത്തുവിട്ട എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം, ഉന്നതതല സമിതിയായിരിക്കും ഇന്ത്യയുടെ എണ്ണ ഇറക്കുമതി നിരീക്ഷിക്കുക.

ഇന്ത്യ നേരിട്ടോ പരോക്ഷമായോ റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നുണ്ടോ എന്ന് ഈ സമിതി പരിശോധിക്കും. ഇതിനായി, യുഎസ് വാണിജ്യ, ട്രഷറി, ആഭ്യന്തര സെക്രട്ടറിമാർ അടങ്ങുന്ന സംഘത്തെ ചുമതലപ്പെടുത്തും. റഷ്യൻ എണ്ണ ഇറക്കുമതി ഇന്ത്യ നിർത്തുമെന്നും പകരം അമേരിക്കയിൽ നിന്ന് എണ്ണ വാങ്ങുമെന്നും ട്രംപിന്റെ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

'മുഖ്യമന്ത്രിയുടെ വേഗത 110ൽ കണ്ടം വഴി ഓടാനാണ്'; സിപിഎമ്മിനും എംവി ഗോവിന്ദനുമെതിരെ വിഡി സതീശൻ

കാസർകോട്: നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി യുഡിഎഫ് നടത്തുന്ന പുതുയുഗ യാത്രയ്ക്കിടെ സിപിഎമ്മിനെയും മുഖ്യമന്ത്രിക്കുമെതിരെ പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സിപിഎം വർഗീയത പഠിപ്പിക്കാൻ വരേണ്ടെന്നും പാർലമെന്റ് തിരഞ്ഞെടുപ്പ് വരെ ന്യൂനപക്ഷ പ്രീണനം നടത്തിയവർ ഇപ്പോൾ ഭൂരിപക്ഷ പ്രീണനത്തിലാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

യുഡിഎഫ് 100 സീറ്റുകൾ നേടുമെന്ന് താൻ പഞ്ഞപ്പോൾ മുഖ്യമന്ത്രി 110 സീറ്റുകൾ നേടുമെന്ന് അവകാശപ്പെട്ടതിനെ സതീശൻ പരിഹസിച്ചു. 'യു.ഡി.എഫ് 100 സീറ്റ് കിട്ടുമെന്ന് പറയുമ്പോൾ അത് അംഗീകരിക്കാൻ ഗോവിന്ദൻ മാഷിന് പ്രയാസമുണ്ടാകും. പിണറായി വിജയൻ അത് 110 ആക്കി. ഞാൻ ഒരു ട്രോളിൽ കണ്ടു, അത് 110 വേഗതയിൽ കണ്ടം വഴി ഓടാനുള്ള കണക്കാണെന്ന്. തിരഞ്ഞെടുപ്പ് കഴിയുമ്പോൾ അത് മനസിലാകും'. അദ്ദേഹം പറഞ്ഞു.

കേരളത്തിന്റെ ചരിത്രത്തിലാദ്യമായി വികസനത്തെക്കുറിച്ചും പുത്തൻ പദ്ധതികളെക്കുറിച്ചും മാത്രം ചർച്ച ചെയ്യുന്ന ഒരു യാത്രയാണിതെന്ന് അദ്ദേഹം പറഞ്ഞു. യാത്രയുടെ 75ശതമാനവും വികസന ചർച്ചകൾക്കായി നീക്കിവച്ചിരിക്കുകയാണ്. ഈ യാത്രയെ സിപിഎം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്നും അതിൽ തങ്ങൾക്ക് സന്തോഷമേയുള്ളൂ എന്നും സതീശൻ കൂട്ടിച്ചേർത്തു.

സമസ്തയുടെയോ എസ്എൻഡിപിയുടെയോ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ താനില്ലെന്നും പ്രതിപക്ഷ നേതാവ് വ്യക്തമാക്കി. 'എല്ലാ സംഘടനകൾക്കും അഭിപ്രായ സ്വാതന്ത്ര്യമുണ്ട്. അവർക്ക് തമ്മിൽ പോരാടുകയോ യോജിക്കുകയോ ചെയ്യാം. എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം, എന്നാൽ അവരുടെ ആഭ്യന്തര തർക്കങ്ങളിൽ രാഷ്ട്രീയ നേതാക്കൾ അഭിപ്രായം പറയേണ്ടതില്ല. സൂര്യനു കീഴിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും പ്രതികരിക്കേണ്ട ഉത്തരവാദിത്തം പ്രതിപക്ഷ നേതാവിനില്ല'. അദ്ദേഹം പറഞ്ഞു.

2070ൽ ഉണ്ടാകാനിടയുള്ള സന്നിഗ്ധാവസ്ഥ മുന്നിൽകണ്ടുകൊണ്ടുള്ളതാണ് കേന്ദ്ര ബജറ്റ് : സുരേഷ് ഗോപി

ന്യൂഡൽഹി: കേന്ദ്ര ബജറ്റിനെ പ്രശംസിച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി. ബജറ്റ് അവതരിപ്പിക്കുന്നതിന് മുൻപ് തന്നെ അതിനെതിരെ സ്ക്രിപ്റ്റ് ചെയ്തുവെക്കുന്ന കാലമാണിത്. ജനം ഇതിൽ വീഴരുത്. 2070 വരെയുള്ള രാജ്യത്തിന്റെ രൂപകൽപനയാണ് ഈ ബജറ്റ്. ഭാവികാലത്തേക്കുള്ള ദിശാബോധമുള്ള ബജറ്റ്. ഇതിനെയാണ് വികസിത ഭാരത് എന്ന് പറയുന്നതെന്നും സുരേഷ് ഗോപി പറഞ്ഞു.

2070 ൽ ഉണ്ടാകാനിടയുള്ള സന്നിഗ്ധാവസ്ഥ മുന്നിൽ കണ്ടുള്ള ബജറ്റാണിത്. ബജറ്റിനെ വിമർശിച്ച് ഭരണം പിടിക്കാൻ കഴിയുമോ എന്നാണ് പലരും ശ്രമിക്കുന്നത്. ഇതിന് വോട്ടിങ്ങിലൂടെ കേരള സമൂഹം മറുപടി നൽകുമെന്നും സുരേഷ് ഗോപി വ്യക്തമാക്കി.

കേന്ദ്ര ബജറ്റിൽ കേരളത്തെ പാടെ അവഗണിച്ചെന്ന വിമർശനത്തിന് മറുപടി പറയാൻ ഇതുവരെ സുരേഷ് ഗോപി തയാറായിരുന്നില്ല. ബജറ്റിനെ അനുകൂലിച്ചോ പ്രതികൂലിച്ചോ സംസാരിക്കാനും അദ്ദേഹം തയാറായില്ല. കേരളത്തിൽ എയിംസ് വരുമെന്ന് പല വേദികളിലും സുരേഷ്ഗോപി ആവർത്തിച്ചിരുന്നു. എയിംസ് തൃശൂരോ ആലപ്പുഴയിലോ തിരുവനന്തപുരത്തോ വരുമെന്നും കേരളം ഭൂമി നൽകിയില്ലെങ്കിൽ പൊള്ളാച്ചിയിലേക്ക് പോകുമെന്നുമെല്ലാം പറഞ്ഞിരുന്നു. എന്നാൽ ഒരു പ്രഖ്യാപനവും ഉണ്ടായില്ല.

അതേസമയം കേന്ദ്ര ബജറ്റിനെ കുറിച്ച് വിവാദമുണ്ടാക്കാൻ ശ്രമം നടന്നിരുന്നുവെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.10 കൊല്ലം ഒന്നും ചെയ്യാതിരുന്നവർ ഇലക്ഷന് തലേദിവസം ഉണ്ടാക്കുന്ന വിവാദമാണിത്. മുൻപ് ഇന്ത്യയുടെ സ്ഥിതി എന്തായിരുന്നുവെന്നും നരേന്ദ്ര മോദിയുടെ കാലത്ത് എന്താണെന്നും എല്ലാവർക്കും അറിയാം. മുദ്രാവാക്യവും രാഷ്ട്രീയ പ്രകടനവും തമ്മിൽ വിത്യാസമുണ്ട് അതാണ് ബി.ജെ.പിയും എൽ.ഡി.എഫും തമ്മിലുള്ള വിത്യാസമെന്നും അദ്ദേഹം പറഞ്ഞു.

ഇടക്കൊച്ചി, തൊടുപുഴ ക്രിക്കറ്റ് സ്റ്റേഡിയം അഴിമതി: വിജിലൻസ് അന്വേഷണം സ്റ്റേ ചെയ്ത് സുപ്രീം കോടതി

ന്യൂഡൽഹി: ഇടക്കൊച്ചി, തൊടുപുഴ ക്രിക്കറ്റ് സ്റ്റേഡിയം അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം സ്റ്റേ ചെയ്ത് സുപ്രീം കോടതി. ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, സന്ദീപ് മേത്ത എന്നിവർ അടങ്ങിയ സുപ്രീം കോടതി ബെഞ്ചാണ് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചത്. കെ.സി.എ. മുൻ അധ്യക്ഷൻ ടി.സി മാത്യു അടക്കം 18 പ്രതികളാണ് കേസിൽ ഉള്ളത്.

കേരള ക്രിക്കറ്റ് അസോസിയേഷൻ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുമെന്നും അതിനാൽ ക്രിക്കറ്റ് സ്റ്റേഡിയം അഴിമതി അന്വേഷിക്കാൻ വിജിലൻസിന് അധികാരം ഉണ്ടെന്നും ആയിരുന്നു കേരള ഹൈക്കോടതി വിധി. ഈ വിധി ചോദ്യം ചെയ്ത് കെ.സി.എ. എറണാകുളം ജില്ലാ സെക്രട്ടറി കാർത്തിക് വർമ്മ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചത്.

അസോസിയേഷന്റെ സ്വയംഭരണാധികാരത്തെയും നിയമപരമായ നിലനിൽപ്പിനെയും ബാധിക്കുന്നതാണ് കേരള ഹൈക്കോടതി ഉത്തരവെന്ന് ചൂണ്ടിക്കാട്ടി ആയിരുന്നു സുപ്രീം കോടതിയിലെ ഹർജി. ഹർജിക്കാരന് വേണ്ടി സീനിയർ അഡ്വ സിദ്ധാർഥ് ദവെ, അഭിഭാഷകരായ കെ.സി. രഞ്ജിത്ത്, കെ.എൻ. അഭിലാഷ്, ഷീബ എം.കെ., മനു കൃഷ്ണൻ എന്നിവർ ഹാജരായി.

ചീരംകുളം ഭഗവതി ക്ഷേത്ര താലപ്പൊലി മഹോത്സവം ആശംസകൾ

HARE KRISHNA
JEWELLERY
Kailas Nagar, Yesudas Road
KUNNAMKULAM
Sandeep : 9745836426

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അടിവരയിടുന്ന തീരുമാനം: വി പി നന്ദകുമാർ

വലപ്പാട്: റിപ്പോ നിരക്ക് 5.25 ശതമാനത്തിൽ മാറ്റമില്ലാതെ നില നിർത്താനും നിഷ്പക്ഷ പണ നയം തുടരാനുമുള്ള റിസർവ് ബാങ്ക് പണ നയ സമിതിയുടെ തീരുമാനം രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയിലുള്ള വിശ്വാസത്തിന് അടിവരയിടുന്നതായി മണപ്പുറം ഫിനാൻസ് എംഡിയും ചെയർമാനുമായ വി പി നന്ദകുമാർ അഭിപ്രായപ്പെട്ടു. 2026 സാമ്പത്തിക വർഷത്തെ ജിഡിപി വളർച്ചാ നിരക്ക് വർധനയും വിലക്കയറ്റം മിതമായിരിക്കുമെന്ന നിഗമനവും സുസ്ഥിര വായ്പാ വളർച്ചയ്ക്കും ബിസിനസിനും അനുകൂലമാണ്.

വൻകിട എൻബിഎഫ്സി-ഐസിസി സ്ഥാപനങ്ങൾക്ക് ശാഖകളുടെ എണ്ണം കൂട്ടാൻ മുൻകൂർ അനുമതി വേണമെന്ന നിബന്ധന ഒഴിവാക്കാനുള്ള ആർബിഐ നിർദ്ദേശം ഞങ്ങൾ ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. നന്നായി നടക്കുന്ന ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികളിലുള്ള വിശ്വാസം വർധിപ്പിയ്ക്കാൻ ഈ നടപടി പര്യാപ്തമാണ്. ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുന്ന വായ്പാ സ്ഥാപനങ്ങൾ കൂടുതൽ കാര്യ ക്ഷമമാക്കാനും നഗര ഗ്രാമ വ്യത്യാസമില്ലാതെ താഴേക്കിടയിലുള്ളവരിലേക്കു സേവനം എത്തിക്കാനും ഇതു സഹായിക്കും.

എംഎസ്എംഇ വിഭാഗത്തിൽ പെട്ട വ്യവസായങ്ങൾക്ക് ജാമ്യമില്ലാ വായ്പയായി അനുവദിക്കാവുന്ന തുക 20 ലക്ഷം രൂപയായി വർധിപ്പിച്ചതും ലീഡ് ബാങ്ക് പദ്ധതിക്കു കീഴിൽ ഏകീകൃത പോർട്ടലിനു രൂപം നൽകാനുള്ള നീക്കവും പ്രാധാന്യമുള്ള നടപടികളാണ്. ഈ നീക്കം വായ്പ എളുപ്പം ലഭ്യമാക്കാനും ചെറുകിട വ്യാപാരികൾക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കാനും സകലരേയും ഉൾപ്പെടുത്തിയുള്ള സുസ്ഥിര സാമ്പത്തിക വളർച്ച സാധ്യമാക്കാനും ലക്ഷ്യമിടുന്നു. മണപ്പുറം ഫിനാൻസിന്റെ പങ്കാളിത്തം ഏറ്റവും കൂടുതലുള്ള മേഖലകളാണിത്.

മുല്ലക്കര ആണ്ട് നേർച്ചക്ക് ഇന്ന് തുടക്കം

മണ്ണുത്തി: കേരളത്തിലെ പ്രസിദ്ധ സിയാറത്ത് കേന്ദ്രങ്ങളിൽ ഒന്നായ തൃശൂർ നഗരത്തിലെ മുല്ലക്കര തോട്ടപ്പടിയിൽ, എൻ എച്ച് ഹൈവെക്ക് സമീപം മുല്ലക്കര മുസ് ലീം മഹല്ല് ജമാഅത്ത്ന് കീഴിൽ പുനരുദ്ധാരണം നടന്നു വരുന്ന പുരാതനമായ ജാറത്തിൽ അന്ത്യവിശ്രമം കൊള്ളുന്ന വലിയ്യുല്ലാഹി ശൈഖ് സയ്യിദ് മുഹമ്മദ് ഫഖീർ(റ) തങ്ങളുടെ ആണ്ട് നേർച്ചക്ക് ഇന്നു മുതൽ ഒരാഴ്ചത്തെ പരിപാടികളോടെ തുടക്കമായി. രാവിലെ സിയാറത്ത് സംഗമം, ഖുർആൻ പാരായണം, മൗലീദ് സംഗമം പതാക ഉയർത്തൽ, റാത്തീബ് മജ്ലീസ്, സ്വാലത്ത് വാർഷികം, അന്നദാനവുമാണ് പരിപാടികൾ.

വികസന മുന്നേറ്റ ജാഥക്ക് പ്രൗഢോജ്വല സ്വീകരണം

ഇരിങ്ങാലക്കുട : എൽഡിഎഫ് തെക്കൻ മേഖല വികസന മുന്നേറ്റ ജാഥക്ക് ഇരിഞ്ഞാലക്കുട അയ്യങ്കാവ് മൈതാനിയിൽ പ്രൗഢോജ്വലമായ സ്വീകരണം നൽകി.സ്വീകരണ സമ്മേളനത്തിൽ ജാഥാ ക്യാപ്ഷൻ സി പി ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശം സംസാരിച്ചു.

വിദ്യാഭ്യാസം സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു അധ്യക്ഷത വഹിച്ചു. ജാഥ വൈസ് ക്യാപ്റ്റൻ എം.സ്വരാജ് സി.എസ്. സുജാത, അഡ്വ : പി. വസന്തം, വി. ടി. ജോസഫ്, കെ.ജി. ബാലസുബ്രമണ്യൻ പി. കെ. രാജൻ മാസ്റ്റർ, യൂജിൻ മോറേലി, ഉഴമലക്കൽ വേണുഗോപാൽ, എ. ഷാജു, ജോർജ് അഗസ്റ്റ്യൻ, സി. പി. അൻവർ സാദത്ത്, ജോണി ചെറുവപറമ്പിൽ എന്നിവരെ സ്വീകരിച്ചു. ഘടക കക്ഷി നേതാക്കളായ സംസ്ഥാന കൗൺസിൽ അംഗം ടി കെ സുധീഷ്,സിപിഐ ജില്ലാ എക്സിക്യൂട്ടീവ് പി. മണി, സിപിഐ മുതിർന്ന നേതാവ് കെ.ശ്രീകുമാർ, സിപിഐഎം ജില്ലാ കമ്മിറ്റി അംഗങ്ങളായ ഉല്ലാസ് കളക്കാട്ട്, കെ.ആർ വിജയ ,സി പി ഐ എം ഏരിയ സെക്രട്ടറി വി എ മനോജ് കുമാർ സി പി ഐ മണ്ഡലം സെക്രട്ടറി എൻ കെ ഉദയപ്രകാശ് , പ്രൊഫ. കെ യു അരുണൻ , ആർ ജെ ഡി ജില്ല കമ്മിറ്റി അംഗം അഡ്വ. പാപ്പച്ചൻ വാഴപ്പിള്ളി, ജനതാദൾ എസ് മണ്ഡലം പ്രസിഡന്റ് രാജു പാലത്തിങ്കൽ, ഐഎൻഎൽ മണ്ഡലം പ്രസിഡന്റ് റഷീദ് കാട്ടൂർ, ടി കെ വർഗീസ് എന്നിവർ പ്രസംഗിച്ചു.

കരാർ നിയമനം

തൃശൂർ: നാഷണൽ ആയുഷ് മിഷൻ വഴി ഹോമിയോപ്പതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലേക്കും പദ്ധതികളിലേക്കും കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തുന്നു.

എം എസ് സി ഫിസിക്കോളജി വിത്ത് ആർ സി ഐ രജിസ്ട്രേഷനുള്ള 40 വയസ്സിന് താഴെയുള്ളവർക്ക് അപേക്ഷിക്കാം. വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷാഫോം, ബയോഡേറ്റ, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, തിരിച്ചറിയൽ രേഖ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിൽ നാഷണൽ ആയുഷ മിഷൻ ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിൽ ഫെബ്രുവരി 13ന് വൈകിട്ട് 5 മണി വരെ തപാൽ വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 04872939190 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഇൻർനാഷണൽ പ്രസിഡന്റ് എ.പി. സിംഗിൽ നിന്നും മൾട്ടിപ്പിൾ കൗൺസിൽ സെക്രട്ടറി ജെയിംസ് വളപ്പില മൾട്ടിപ്പിൾ ചാമ്പ്യൻ ട്രോഫി ഏറ്റുവാങ്ങുന്നു. ഗ്ലോബൽ ആക്ഷൻ ടീം ഏരിയ ലീഡർ വാമന കുമാർ, പാസ്റ്റ് ഇന്റർനാഷണൽ ഡയറക്ടർമാരായ മുരുകൻ, വംശിധർ ബാബു, മൾട്ടിപ്പിൾ കൗൺസിൽ ചെയർമാൻ രാജൻ നമ്പൂതിരി എന്നിവർ സമീപം.

ലയൺസ് ഇന്റർനാഷണൽ പ്രസിഡന്റ് എം.പി സിംഗ് ജയിംസ് വളപ്പിലക്ക് മൾട്ടിപ്പിൾ ചാമ്പ്യൻ ട്രോഫി സമ്മാനിച്ചു

കൊച്ചി: 2024-25 ലയണിസ്റ്റിക് വർഷത്തിൽ 2000-ത്തിനടുത്ത് പുതിയ മെമ്പർമാരെ ചേർക്കുകയും 25-ഓളം പുതിയ ക്ലബ്ബുകളുടെ രൂപീകരണവും നടത്തിയ ലയൺസ് ഡിസ്ട്രിക്ട് 318ഡി യുടെ ഡിസ്ട്രിക്ട് ഗവർണർ ജെയിംസ് വളപ്പിലയ്ക്ക് മൾട്ടിപ്പിൾ ചാമ്പ്യൻഷിപ്പ് ട്രോഫി ഇന്റർനാഷണൽ പ്രസിഡന്റ് എ.പി. സിംഗ് സമ്മാനിച്ചു. സമസ്തമേഖലകളിലും അദ്ദേഹം കാഴ്ച്ചവച്ച സമാനതകളില്ലാത്ത പ്രവർത്തനങ്ങൾക്ക് കൂടിയാണ് ഈ പുരസ്കാരം. മെമ്പർഷിപ്പിലും പുതിയ ക്ലബ്ബുകളിലും ലോകത്തിൽ നാലാം സ്ഥാനവും ആഗോളതലത്തിൽ സേവനരംഗത്ത് ഒന്നാം സ്ഥാനവും കരസ്തമാക്കി. വയനാട് ചൂരൽമലയിൽ ലയൺസ് ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനായി ലയൺസ് ഇന്റർനാഷണൽ ഫൗണ്ടേഷനിലേക്ക് 2 കോടി രൂപ സ്വരൂപിച്ചു. എറണാകുളം ഗോകുലം കൺവൻഷൻ സെന്ററിൽ വച്ച് നടന്ന മൾട്ടിപ്പിളിന്റെമെഗാ ഇൻഡക്ഷൻ ചടങ്ങിലാണ് ആദരം നൽകിയത്. മൾട്ടിപ്പിൾ കൗൺസിൽ ചെയർമാൻ രാജൻനമ്പൂതിരി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഈ വർഷം മെമ്പർഷിപ്പ് ചാലഞ്ച്, ന്യൂ ക്ലബ് ചാലഞ്ച്, ഘഇകഎകോൺട്രിബ്യൂഷൻ തുടങ്ങിയവയിൽ മികവ് പുലർത്തിയ ഡിസ്ട്രിക്റ്റ് ഗവർണ്ണർമാരെയും ലയൺലീഡർമാരെയും ചടങ്ങിൽ ആദരിച്ചു. പാസ്റ്റ് ഇന്റർനാഷണൽ ഡയറക്ടർമാരായ വി.പി. നന്ദകുമാർ, മുരുകൻ,വംശിധർ ബാബു, ഗ്ലോബൽ ആക്ഷൻ ടീം ഏരിയ ലീഡർ അഡ്വ. വാമനകുമാർ, എൽ സി ഐ എഫ് ഗ്ലോബൽകോർഡിനേറ്റർ അമർനാഥ്, ഈ വർഷത്തെ ഡിസ്ട്രിക്ട് ഗവർണർമാരായ ജെയിൻ സി ജോബ്, വിന്നിഫിലിപ്പ്, ഷൈൻകുമാർ, ജയകൃഷ്ണൻ, അനിൽകുമാർ, രവി ഗുപ്ത എന്നിവർ ചടങ്ങിന് നേതൃത്വം നൽകി.ആയിരത്തോളം ലയൺ മെമ്പർമാർ ചടങ്ങിൽ പങ്കെടുത്തു.

എക്സൈസ് വകുപ്പിൽ സംസ്ഥാനതലത്തിൽ നർക്കോട്ടിക്ക് കൺട്രോൾ ബ്യൂറോ രൂപീകരിക്കും: മന്ത്രി എം.ബി രാജേഷ്

തൃശൂർ: 134 പേർകൂടി എക്സൈസ് സേനയുടെ ഭാഗമായി എക്സൈസ് വകുപ്പിൽ സംസ്ഥാനതലത്തിൽ നർക്കോട്ടിക്ക് കൺട്രോൾ ബ്യൂറോ രൂപീകരിക്കുമെന്ന് തദ്ദേശസ്വയം ഭരണ, പാർലമെന്ററികാര്യ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി രാജേഷ്. തൃശ്ശൂർ, പൂത്തോൾ സ്റ്റേറ്റ് എക്സൈസ് അക്കാദമി ഗ്രൗണ്ടിൽ നടന്ന മുഖ്യമന്ത്രിയുടെ 2024 ലെ എക്സൈസ് മെഡൽ വിതരണവും പരിശീലനം പൂർത്തിയാക്കിയ എക്സൈസ് ഇൻസ്പെക്ടർമാരുടെയും വനിത-സിവിൽ എക്സൈസ് ഓഫീസർമാരുടെയും പാസിംഗ് ഔട്ട് പരേഡിൽ സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. എക്സൈസ് അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുമെന്നും എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ ഈ സർക്കാരിന്റെ കാലത്ത് 2600ലധികം നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

134 പേർകൂടി എക്സൈസ് സേനയുടെ ഭാഗമായി. ഇവർ പ്രതിജ്ഞയെടുത്ത് ജോലിയുടെ ഭാഗമാകുകമാത്രമല്ല ചെയ്യുന്നത് ഒരു വലിയ സാമൂഹിക ഉത്തരവാദിത്വം ഏറ്റെക്കുകകൂടിയാണ് ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു. സേനയുടെ ഭാഗമായ എല്ലാവരുംതന്നെ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്. ബിരുദ-ബിരുദാനന്തര പ്രൊഫഷണൽ യോഗ്യതകളുള്ളവരാണ് പരിശീലനം പൂർത്തിയാക്കി എക്സൈസ് സേനയുടെ ഭാഗമായതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

16 എക്സൈസ് ഇൻസ്പെക്ടർമാരും 71 സിവിൽ എക്സൈസ് ഓഫീസർമാരും 47 വനിത സിവിൽ എക്സൈസ് ഓഫീസർ മാരുമാണ് പരിശീലനം പൂർത്തിയാക്കി എക്സൈസ് സേനയുടെ ഭാഗമായത്. പരിശീലനത്തിന്റെ വിവിധ മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെച്ച കേഡറ്റുകൾക്ക് പുരസ്കാര വിതരണവും മുഖ്യമന്ത്രിയുടെ എക്സൈസ് മെഡൽ വിതരണവും മന്ത്രി നിർവ്വഹിച്ചു.

പരിശീലനം പൂർത്തിയാക്കിയ ട്രെയിനികളിൽ 71 ബിരുദധാരികൾ, 20 ബിരുദാനന്തര ബിരുദധാരികൾ, ഒരു എം.ടെക് ബിരുദധാരി, 24 ബി.ടെക് ബിരുദധാരികൾ, ഒരു ബി.എ.എം.എസ്. ബിരുദധാരി, ഒരു ബി.ഡി.എസ് ബിരുദധാരി, 4 ബി.എഡ്. ബിരുദധാരികൾ, 5 ഡിപ്ലോമ ബിരുദധാരികളും ഉൾപ്പെടുന്നു. ആലപ്പുഴയിൽ നിന്നുള്ള സിവിൽ എക്സൈസ് ഓഫീസർ, വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിൽ നിയമനം ലഭിച്ച ഒരു കുടുംബത്തിൽ നിന്നുള്ള എം. അനന്തുവും സഹോദരിയായ എം. അർച്ചനയും പാസ്സിംഗ് ഔട്ട് പരേഡിൽ ഒരുമിച്ച് പങ്കെടുത്തതും കൗതുക കാഴ്ചയായി.

ചടങ്ങിൽ എക്സൈസ് കമ്മീഷണർ എം.ആർ. അജിത് കുമാർ, എക്സൈസ് അക്കാദമി ഡയറക്ടർ ടി.എം മജു എന്നിവരും സല്യൂട്ട് സ്വീകരിച്ചു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ, ജനപ്രതിനിധികൾ, പൗരപ്രമുഖർ, മറ്റു വകുപ്പുകളിലേയും എക്സൈസ് വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനായുള്ള NDA പാനൽ, നാമനിർദ്ദേശപത്രിക സമർപ്പിച്ചു

ഇരിങ്ങാലക്കുട:കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനായുള്ള എൻഡിഎ പാനൽ, നാമനിർദ്ദേശപത്രിക സമർപ്പിച്ചു. BJP മണ്ഡലം സെക്രട്ടറിയും നഗരസഭ കൗൺസിലറുമായ ഷാജു ടി.കെ കർഷകമോർച്ച ജില്ല വൈസ് പ്രസിഡണ്ട് ചന്ദ്രൻ അമ്പാട്ട്, മഹിളാമോർച്ച ജില്ല ജനറൽ സെക്രട്ടറി സിന്ധു സതീഷ്, മഹിളാമോർച്ച മണ്ഡലം ജനറൽ സെക്രട്ടറിയും, നഗരസഭ കൗൺസിലറുമായ വിജയകുമാരി അനിലൻ, കർഷകമോർച്ച മണ്ഡലം ജനറൽ സെക്രട്ടറി സുഷിതാംബരൻ, ബാബു കോലോത്ത്, രമിത് സുബ്രഹ്മണ്യൻ, ബാബു കെ. സി.,നന്ദനൻ, ഗോപാലൻ, നിധീഷ് സി.വി, രഞ്ജിത്. എം.എസ് എന്നിവരാണ് NDA യുടെ മത്സരാർത്ഥികൾ.

ബിജെപി സൗത്ത് ജില്ല ജനറൽ സെക്രട്ടറിയും നിയോജക മണ്ഡലം ഇൻചാർജുമായകൃഷ്ണപേഷ് ചെമ്മണ്ട, ജില്ല ജനറൽ സെക്രട്ടറി ഉണ്ണികൃഷ്ണൻ, ജില്ല വൈസ് പ്രസിഡണ്ട് അനിൽകുമാർ, മണ്ഡലം പ്രഭാരി അഖിലാഷ് വിശ്വനാഥൻ, മണ്ഡലം പ്രസിഡണ്ട് ആർച്ച അനീഷ്, മണ്ഡലം ജനറൽ സെക്രട്ടറിമാരായ ഷൈജു കുറ്റിക്കാട്ട്, വി.സി.രമേഷ്, ഏരിയ പ്രസിഡണ്ട് സൂരജ് കടുങ്ങാടൻ, ജനറൽ സെക്രട്ടറി സൂരജ് നമ്പ്യാങ്കാവ്, വൈസ് പ്രസിഡണ്ട് സന്തോഷ് കോഞ്ചാത്ത് എന്നിവർ നേതൃത്വം നൽകി.

ഭിന്നശേഷി കുട്ടികൾക്കായി ഒരു ആകാശ യാത്ര ഒരുക്കി ഐ സി എൽ ഫിൻകോർപ്

തൃശ്ശൂർ: അരണാട്ടുകരയിൽ പ്രവർത്തിക്കുന്ന കേരള സർക്കാരിന്റെ കീഴിൽ ഉള്ള യു ആർ സി തൃശ്ശൂർ എന്ന ഭിന്നശേഷി കുട്ടികളുടെ വിദ്യഭ്യാസ സ്ഥാപനത്തിൽ നിന്നുമാണ് കുട്ടികൾക്കായി വിമാന യാത്ര സംഘടിപ്പിച്ചത്.

വിമാനത്തിൽ കയറണമെന്ന കുട്ടികളുടെ ആവശ്യം ശക്തമായപ്പോഴാണ് അധികൃതർ അതിനായി ഒരു സ്പോൺസറെ അന്വേഷണം ആരംഭിച്ചത്. ഐ സി എൽ ഫിൻകോർപ്പിൽ ഈ ആവശ്യം അപേക്ഷയായി എത്തിയപ്പോൾ ഉടൻ തന്നെ കുട്ടികളുടെ സ്പന യാത്ര ഉറപ്പാക്കുകയായിരുന്നു. ഐ സി എൽ ടൂർ ആന്റ് ട്രാവൽസ് വഴി കൊച്ചിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കാണ് വിമാനയാത്ര ഒരുക്കിയത്.

പത്ത് കുട്ടികളും അഞ്ച് ടീച്ചർമാരുമാണ് യാത്രയുടെ ഭാഗമായത്. തിരുവനന്തപുരത്ത് കാഴ്ചകൾ കണ്ട് ആസ്വദിച്ച ശേഷം തൃശ്ശൂരിലേയ്ക്ക് ട്രെയിൻ മാർഗ്ഗമാണ് തിരിച്ചെത്തിയത്.

മറക്കാനാകാത്ത ഒരു ആകാശ യാത്ര സമ്മാനിച്ച ഐ സി എൽ ഫിൻകോർപ്പിനോടുള്ള സന്തോഷം കുട്ടികളും ടീച്ചർമാരും പങ്ക് വെച്ചു.

കോന്തിപുലം സ്ഥിരംതടയണയുടെ നിർമ്മാണ ഉദ്ഘാടനം നാളെ

തൃശൂർ: കോൾമേഖലയിലെ തെക്കൻ കോൾനിലങ്ങളിൽ നെൽകൃഷിക്ക് ജലലഭ്യത ഉറപ്പു വരുത്താൻ കോന്തിപുലം കെഎൽഡിസി കനാലിനു കുറുകെ സ്ഥിരം തടയണയെന്ന ദീർഘകാലത്തെ കർഷകസ്വപ്നം സാക്ഷാത്കരിക്കുകയാണ്. കോന്തിപുലം സ്ഥിരംതടയണയുടെ നിർമ്മാണ ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദുവിന്റെ അധ്യക്ഷതയിൽ 2026 ഫെബ്രുവരി 8ന് ഉച്ചക്ക് മൂന്നു മണിയ്ക്ക് ജലവിഭവമന്ത്രി റോഷി അഗസ്റ്റിൻ നിർവ്വഹിക്കും.

തൃശൂർ കോൾമേഖലയിലെ പൊറത്തിശ്ശേരി, മുരിയാട്, പറപ്പൂക്കര, ആളൂർ, വേളൂക്കര കൃഷിഭവനുകളുടെ പരിധിയിൽ വരുന്ന 1287 ഹെക്ടർ നെൽകൃഷിയ്ക്ക് ആവശ്യമായ ജലം മുടക്കമില്ലാതെ എത്തിക്കുന്നതിനാണ് പദ്ധതി.

കോന്തിപുലം പാലത്തിനു കീഴെ ഇറിഗേഷൻ താത്കാലിക ബണ്ട് നിർമ്മിച്ചാണ് കനാലിൽ കാർഷിക ആവശ്യത്തിന് വെള്ളം സംഭരിച്ചു വരുന്നത്. ഇതിനു പകരമുള്ള സ്ഥിരം സംവിധാനമായാണ് 12.21 കോടി രൂപ ചെലവിട്ട് സ്ഥിരംതടയണ നിർമ്മിക്കുന്നത്. കോന്തിപുലം പാലത്തിനു സമീപം മുരിയാട് - മൂർക്കനാട് കനാലിൽ പന്ത്രണ്ട് മീറ്റർ വീതിയുള്ള രണ്ട് ഷട്ടറുകളും എട്ടര മീറ്റർ വീതിയുള്ള രണ്ട് ഷട്ടറുകളും ചേർന്ന, ഇലക്ട്രിക്കൽ ഓപ്പറേറ്റഡ് ഷട്ടർ സംവിധാനത്തോടെയാകും സ്ഥിരംതടയണ.

കൃഷിയാവശ്യത്തിന് വെള്ളം സംഭരിക്കാൻ മേജർ ഇറിഗേഷൻ വകുപ്പ് താല്കാലിക തടയണ നിർമ്മിക്കുകയാണ് ഇവിടെ ചെയ്തുവരുന്നത്. എല്ലാ വർഷവും നിർമ്മിക്കുന്ന താത്കാലിക ചിറയ്ക്ക് ബദലായി സ്ഥിരം നിർമ്മിതി എന്നത് പ്രദേശത്തെ കർഷകരുടെ സുദീർഘമായ കാലത്തെ സ്വപ്നമായിരുന്നു.

ജനപ്രതിനിധി ആയതുമുതൽ 'പച്ചക്കുട' പദ്ധതിയിൽ ഉൾപ്പെടുത്തി തുടർച്ചയായി നടത്തിയ പരിശ്രമങ്ങളുടെ ഫലമായി 2023-24 ബജറ്റിൽ പണം നീക്കിവെപ്പിക്കാൻ കഴിഞ്ഞു. 915 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികളും, 291 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികളും, 15 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളും ചേർന്നതാണ് ജലസേചന വകുപ്പു വഴി നടപ്പാക്കുന്ന ഈ പദ്ധതി.

ഖുർആനും റമളാനും പ്രഭാഷണം

തൃശൂർ: കോലഴി പൂവണിയിൽ ഇന്ന് വൈകീട്ട് മഗ്രിബിനു ശേഷം റമളാനും ഖുർആനും എന്ന വിഷയത്തിൽ പ്രഭാഷണം നടക്കുന്നു. അബൂബക്കർ മൗലവിയാണ് മുഖ്യപ്രഭാഷകൻ. അബ്ദുൾ ലത്തീഫ് ഫാറൂഖി ആധ്യക്ഷം വഹിക്കും. ഇബ്രാഹിം ഓട്ടുപാറ സ്വാഗതവും എം എം ഷൗക്കത്തലി നന്ദിയും പറയും.

കേര കർഷകരുടെ ഉന്നമനത്തിന് കാട്ടൂരിൽ കേരഗ്രാമം പദ്ധതി ആരംഭിച്ചു

തൃശൂർ: കേരകർഷകരുടെ ഉന്നമനം ലക്ഷ്യമിട്ട് കാട്ടൂർ ഗ്രാമപഞ്ചായത്തിലെ 100 ഹെക്ടറോളം സ്ഥലത്ത് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവഹിച്ചു. തെങ്ങ്കൃഷിയുടെ പ്രാധാന്യവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കേരകർഷകരുടെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് കേരള കാർഷിക വികസന കർഷകക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് കേരഗ്രാമം പദ്ധതി.

പുത്തൻ ആശയങ്ങൾ ഏറ്റെടുത്ത് പ്രയോഗിക രംഗത്ത് എത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്ന് ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. തെങ്ങ് കൃഷിയിലേക്ക് ആളുകളെ കൊണ്ടുവരുന്നതിനും, അവർക്ക് വേണ്ട പിന്തുണ നൽകാനും ഇത്തരം പദ്ധതിയിലൂടെ സാധിക്കും. മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി ഉണ്ടെന്നും മന്ത്രി പറഞ്ഞു.

ആദ്യ ഐ എ എസ് കോച്ചിംഗ് കേന്ദ്രം ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട: ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ തൃശൂർ ജില്ലയിലെ ആദ്യ ഐ എ എസ് കോച്ചിംഗ് കേന്ദ്രം ഇരിങ്ങാലക്കുടയിൽ 2026 ഫെബ്രുവരി 10 ചൊവ്വാഴ്ച ഉദ്ഘാടനം ചെയ്യും. രാവിലെ 11.30 മണിക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം നിർവ്വഹിക്കും. സി സി ഇ കെ ഡയറക്ടർ ശ്രീമതി ഇഷിതാ റോയ് അദ്ധ്യക്ഷത വഹിക്കും.

സെന്റർ ഫോർ കണ്ടിന്യുയിംഗ് എജുക്കേഷൻ കേരള (സിസിഇകെ) യുടെ ആഭിമുഖ്യത്തിലാണ് കേന്ദ്രം പ്രവർത്തിക്കുക. ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് ആർട്സ് ആൻഡ് സയൻസ് കോളേജിലാണ് കേന്ദ്രം.

നിലവിൽ ബിരുദ-ബിരുദാനന്തര ബിരുദ പഠനം തുടരുന്ന വിദ്യാർത്ഥികൾക്കും, പഠനം പൂർത്തിയാക്കിയവർക്കും വേണ്ടിയുള്ള പ്രിലിംസ് ക്രാഷ് കോഴ്സുകളോടെയാണ് ഐ എ എസ് കോച്ചിംഗ് കേ ന്ദ്രം പ്രവർത്തനം തുടങ്ങുക.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര വർദ്ധനവിനും രാജ്യാന്തരസ്വഭാവത്തിലുള്ള അത്യാധുനിക ഗവേഷണം വികസിപ്പിക്കുന്നതിനുമായി സംസ്ഥാനത്താരംഭിച്ച ഏഴ് സെന്റേഴ്സ് ഓഫ് എക്സലൻസിൽ ഒന്നായ കേരള ലാംഗ്വേജ് നെറ്റ്വർക്കിന് ഇരിങ്ങാലക്കുടയിൽ ഉപകേന്ദ്രം ആരംഭിക്കുകയാണ്.

കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിനു കീഴിൽ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന കേരള ലാംഗ്വേജ് നെറ്റ്വർക്കിന്റെ (ഗഘലച) ഇരിഞ്ഞാലക്കുട സബ് സെന്ററിന്റെ ഉദ്ഘാടനം 2026 ഫെബ്രുവരി 10 ന് ഉച്ചകഴിഞ്ഞ് മൂന്നര മണിയ്ക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിക്കും.

സ്പെഷ്യൽ റോൾ ഒബ്സർവർ സന്ദർശനം നടത്തി

തൃശൂർ: സ്പെഷ്യൽ റോൾ ഒബ്സർവർ ജഗന്നാഥ് ശ്രീനിവാസൻ ജില്ലയിൽ എത്തി എസ് ഐ ആർ ഹിയറിങ് സെന്ററുകൾ സന്ദർശിച്ചു. ജില്ലയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുമായും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാ കളക്ടറുമായും അദ്ദേഹം അവലോകന യോഗം നടത്തി. യോഗത്തിൽ ജില്ലയിലെ സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ (എസ് ഐ ആർ) പ്രവർത്തനങ്ങൾ അദ്ദേഹം വിലയിരുത്തി.

സ്വർണ വില ഒറ്റയടിക്ക് വർധിച്ചത് 2000 ത്തിൽ അധികം രൂപ

തൃശ്ശൂർ: കുറച്ചു ദിവസങ്ങളായി താഴേക്ക് വന്ന സ്വർണ വില വീണ്ടും കുതിച്ചുയർന്നു.